എം.ആർ.എസ്.-ന്റെ കെട്ടിടം പണി പൂർത്തിയാകാത്തതുകൊണ്ട് വിദ്യാർത്ഥികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ

70 [5447] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറക്കുളത്ത് പണിതുകൊണ്ടിരിക്കുന്ന എം.ആർ.എസ്.-ന്റെ കെട്ടിടം പണി പൂർത്തിയാകാത്തതുകൊണ്ട് അഞ്ചാം ക്ലാസിലെ കുട്ടികളെ ഈ വർഷം അഡ്മിറ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 5-ാം ക്ലാസിൽ അഡ്മിഷൻ നടത്താനുള്ള നടപടി ആരംഭിക്കുമോ;

(സി) കെട്ടിടത്തിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(ഡി) ക്ലാസ്സുകൾ ആരംഭിക്കാനും ഹോസ്റ്റൽ സൗകര്യം തുടങ്ങാനും എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ടെന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആരംഭിച്ചു കഴിഞ്ഞു.

(സി) 2003 ഡിസംബറോടെ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) അന്തേവാസികൾക്കുള്ള ഹോസ്റ്റൽ/ ഡോർമിറ്ററി കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. ഓണാവധിക്കുശേഷം എല്ലാ കുട്ടികളേയും പുതിയ സ്ഥലത്തേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

സർക്കാരിതര സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്ഥാപനങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

71 [5448] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാരിതര സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കേരളീയരായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന പട്ടികജാതി വകുപ്പിൽനിന്ന് നിലവിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(ബി) സമർത്ഥരായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ലഭ്യമാക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും കേരളത്തിലും നൽകാൻ നടപടികൾ സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ സർക്കാരിതര സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്ഥാപനങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് ശേഖരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ സ്കൂളുകളിൽ പഠിക്കുന്ന പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതികൾ തയ്യാറാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly